CALLING ATTENTION UNDER RULE 66.

Grievances of Teachers of Aided Schools in Malabar.

മി. സ്പീക്കർ: ശ്രീ. ഗോപാലൻകുട്ടി നായർ റൂൾ 66 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്. ഇതു് പല അവസരങ്ങളിലും ഇവിടെ ചർച്ചാവിഷയമായിട്ടുണ്ട്. അതിൽ വ്യത്യസ്തമായ കാര്യങ്ങളാണു് പറയാനുള്ളതെങ്കിൽ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പറയാം.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്നും അടുത്ത അവസരത്തിൽ ഉണ്ടായ ഒരു ഉത്തരവിൻെറ ഫലമായി മലബാറിലെ എയിഡഡ് സ്കൂളിലെ അദ്ധ്യാപകന്മാർക്ക് വന്നുചേർന്നിട്ടുള്ള അവശതകളും ബുദ്ധിമുട്ടുകളും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്താനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. മലബാർ പ്രദേശത്തെ എയിഡഡ് സ്കൂൾ ടീച്ചേഴ്സിൻെറ വെയിറേജു് തീരുമാനിക്കുമ്പോൾ അവരുടെ അൺട്രെയിൻഡ് സർവ്വീസുകൂടി കണക്കിലെടുക്കുന്നുണ്ടു്. ഇതനുസരിച്ചു് 1958 ഏപ്രിൽമാസം മുതൽ അവർ വഹിച്ചിരുന്ന തസ്തികയിലുള്ള ശമ്പളം വാങ്ങുകയും ചെയ്യുന്നു. എന്നാൽ അടുത്ത അവസരത്തിലുണ്ടായ ഒരു ജി. ഒ. യുടെ ഫലമായി വെയിറേജു് കണക്കാക്കുന്നതിൽ അൺട്രെയിൻഡ് സർവ്വീസ് കണക്കിലെടുക്കാൻ പാടില്ലെന്നു തീരുമാനിച്ചിരിക്കുകയാണു്. മുമ്പു് ആ സർവ്വീസ് കണക്കാക്കി വാങ്ങിയ അധികത്തുക 1958 ഏപ്രിൽ മുതൽ ഗവണ്മെൻറിലേയ്ക്കു മടക്കിക്കൊടുക്കണമെന്നു അടുത്തദിവസം ഉത്തരവു പാസ്സാക്കിയിരിക്കുകയാണു്. ഇതിൻെറ ഫലമായി പാവപ്പെട്ട അദ്ധ്യാപകന്മാർ നൂറും നൂറൻപതും രൂപാവീതം മടക്കിയടയ്ക്കേണ്ട പരിതഃസ്ഥിതി വന്നുചേർന്നിരിക്കുകയാണു്. ഇങ്ങനെയൊരു വമ്പിച്ച തുക മടക്കിയടയ്ക്കണമെന്നു് ആവശ്യപ്പെടുന്നതു് ഏറ്റവും വലിയ ഒരു അനീതിയായിട്ടു മാത്രമേ കാണാൻ കഴിയുകയുള്ളു. ഇതിനുപുറമേ 1959 ഏപ്രിൽമാസത്തിൽ കിട്ടേണ്ട വാർഷിക ഇൻക്രിമെൻറ് ഇപ്പോൾ തടഞ്ഞുവച്ചിരിക്കുന്നുവെന്നും മനസ്സിലാക്കുന്നു. ഇതിടെ എറണാകുളത്തുവച്ചു് കൂടിയ എയിഡഡ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ ഗവണ്മെൻറിൻെറ ഈ നടപടിയെ അങ്ങേയറ്റം പ്രതിഷേധിച്ചിരിക്കുകയാണു്. ഗവണ്മെൻറ് എന്തു കർശന നടപടികളും സ്വീകരിച്ചാലും, ഈ സംഖ്യ തിരിച്ചടയ്ക്കാൻ ഒരുങ്ങരുതെന്നു് അവർ പ്രമേയംമുഖേന അദ്ധ്യാപകന്മാരെ ആഹ്വാനം ചെയ്തിരിക്കുകയാണു്. ഇന്നത്തെ കലുഷിതമായ അന്തരീക്ഷത്തിൽ ഗവണ്മെൻറിൻെറ ഉത്തരവാദിത്വശൂന്യമായ ഈ നടപടി കൂടുതൽ ബുദ്ധിമുട്ടുകൾ നാട്ടിൽ ഉണ്ടാക്കിത്തീർക്കുന്നതാണു്. അതിനിടയാക്കാതെ ഗവണ്മെൻറ് ഇതിനു പരിഹാരം കാണണമെന്നു ഞാൻ വിദ്യാഭ്യാസമന്ത്രിയോടു് അപേക്ഷിക്കുകയാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഡിപ്പാർട്ടുമെൻറിൽനിന്നും വ്യക്തമായ നിർദ്ദേശം കിട്ടാതെ താഴെ പതനത്തിലുള്ള ആഫീസറന്മാർ ഇൻക്രിമെൻറും വെയിറേജും ഫിക്സുചെയ്തുകൊടുക്കാൻ പാടില്ലെന്നാണു വ്യവസ്ഥ. അങ്ങനെയല്ലാതെ അൺട്രെയിൻഡ് സർവ്വീസ് കണക്കാക്കാമോ എന്നു തീരുമാനിക്കുന്നതിനുമുമ്പു് അപ്രകാരം ശമ്പളം കൊടുത്തിട്ടുണ്ടെങ്കിൽ പിന്നെ അതു് ചെക്കു ചെയ്യുമ്പോൾ റീഫണ്ടു ചെയ്യേണ്ടതായിവരും. കഴിഞ്ഞ പല കൊല്ലങ്ങളിലും ഓഡിനൽ ഫിക്സേഷൻ വരുമ്പോൾ എക്സസ് റീഫണ്ടു ചെയ്യാനുള്ള ഉത്തരവു ഉണ്ടാകുന്നതു് പതിവാണു്. അൺട്രെയിൻഡ് സർവ്വീസ് ഇൻക്രിമെൻറിനു് കണക്കാക്കണമോ എന്നുള്ളതു് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലുള്ള വിദഗ്ദ്ധരുടെ വെളിച്ചത്തിൽ പരിശോധിച്ചു് തീരുമാനം എടുക്കേണ്ടിവരും. ഇപ്പോഴുള്ള റൂളനുസരിച്ചു് കൂടുതൽ വാങ്ങിച്ചിട്ടുള്ള തുക റീഫണ്ടു് ചെയ്യേണ്ടിവരുമെന്നാണു് എനിക്കു പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly